പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T4300 19.10.2011 ൽ മറുപടിയ്ക്ക്

## പുതിയ എ.പി.എൽ/ബി.പി.എൽ പട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടേണ്ടവർ എ.പി.എൽ ലിസ്റ്റിലും എ.പി.എൽ ലിസ്റ്റിൽ ഉൾപ്പെടേണ്ടവർ ബി.പി.എൽ ലിസ്റ്റിലും ഉൾപ്പെട്ടതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ അതു പരിഹരിക്കുന്നതിനായി പുതിയ എ.പി.എൽ/ബി.പി.എൽ പട്ടിക തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2011 ൽ പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റിനെ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് കുറ്റമറ്റതാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിയ്ക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ഒരു സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സെൻസസിൽ ബി.പി.എൽ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള വിവരങ്ങളും ശേഖരിക്കുന്നതാണ്. പ്രസ്തുത സെൻസസ് സംസ്ഥാനത്ത് 2011 ഡിസംബർ 2012 ജനുവരി മാസങ്ങളിൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | അനർഹരെ ഒഴിവാക്കി പുതിയ എ.പി.എൽ/ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) & (ഡി) | 2011 ൽ പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റിനെ സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിരുന്ന അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധിയ്ക്കുക. പരാതികളും ആക്ഷേപങ്ങളും അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിനോടൊപ്പം ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വിവരങ്ങളും ശേഖരിയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളുടെ പ്രസക്തമായ കാര്യങ്ങൾ അനുബന്ധമായി കൊടുത്തിരിയ്ക്കുന്നു. |
| (ഡി) | ഇല്ലെങ്കിൽ എന്നത്തേക്ക് നിശ്ചയിക്കാനാകും; ഇക്കാര്യത്തിൽ കേന്ദ്ര നിർദ്ദേശങ്ങൾ പരിഗണിക്കുമോ; | | |
| (ഇ) | എല്ലാ പട്ടിക വർഗ കുടുംബങ്ങളെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുമോ; ഇല്ലെങ്കിൽ അവരിൽ നിന്ന് ഒഴിവാക്കപ്പെടുന്ന വിഭാഗം ഏതൊക്കെയാണ് ? | (ഇ) | സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## ***സാമൂഹിക സമ്പത്തിക ജാതി സെൻസസ്സിന്റെ ഭാഗമായി ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെപ്രസക്തഭാഗങ്ങൾ***

******************************************************************************************

ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് താഴെ പറയുന്ന രീതി അവലംബിയ്ക്കുന്നതിനാണ്.

(1) ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കേണ്ട കുടുംബങ്ങളെ ഒഴിവാക്കുക
(2) നിർബന്ധമായും ഉൾപ്പെടുത്തേണ്ട കുടുംബങ്ങളെ ഉൾപ്പെടുത്തുക
(3) മേൽ (1), (2) എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായി ബാക്കി കുടുംബത്തിന്റെ ശേഷികുറവിനെ ആധാരമാക്കി കുടുംബത്തിന് മാർക്ക് നൽകുക.

കുടുംബങ്ങളെ ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്

(i) യന്ത്രവൽകൃത ഇരുചക്ര/മൂന്നു ചക്ര/നാല് ചക്ര വാഹനങ്ങൾ/ ഫിഷിംഗ് ബോട്ട് (രജിസ്ട്രേഷൻ വേണ്ടവ) ഉള്ള കുടുംബം
(ii) ട്രാക്ടർ, കൊയ്ത്ത് മെതിയെന്ത്രം തുടങ്ങിയ യന്ത്രവൽക്കൃത മൂന്ന് ചക്ര/ നാല് ചക്ര കാർഷിക ഉപകരണങ്ങൾ ഉള്ള കുടുംബം
(iii) 50,000 രൂപയോ അധിലധികമോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള കുടുംബം
(iv) സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കുടുംബം
(v) സർക്കാരിൽ രജിസ്റ്റർ ചെയ്ത കാർഷികേതര സംരംഭങ്ങൾ ഉള്ള കുടുംബം
(vi) പ്രതിമാസം 10,000 രൂപയിൽ കൂടുതൽ വരുമാനമുള്ള കുടുംബം
(vii) വരുമാന നികുതിയോ തൊഴിൽ നികുതിയോ നൽകുന്ന കുടുംബം
(viii) മൂന്നോ അതിലധികമോ മുറികളുള്ള നല്ല രീതിയിലുള്ള ചുമരുകളും മേൽക്കുരയുമുള്ള വീടുള്ള കുടുംബം
(ix) റഫ്രിജേറ്റർ ഉള്ള കുടുംബം
(x) ലാൻഡ് ലൈൻ ഫോൺ ഉള്ള കുടുംബം
(xi) 2.5 ഏക്കറോ അതിലധികമോ ജലസേചന സൗകര്യമുള്ള ഭൂമിയും ഒപ്പം ഡീസൽ/വൈദ്യുതിയിൽ പ്രവർത്തിയ്ക്കുന്ന കുഴൽ കിണർ (ട്യൂബ്വെൽ/ ബോർവെൽ) ഉള്ള കുടുംബം
(xii) രണ്ടിലധികം വിളവെടുക്കുന്ന 5 ഏക്കറിലധികം വിസ്തീർണ്ണമുള്ള ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം
(xiii) 7.5 ഏക്കറോ അതിലധികമോ ഭൂമിയും ഒപ്പം ഡീസൽ/ വൈദ്യുതിയിൽ പ്രവർത്തിയ്ക്കുന്ന കുഴൽ കിണർ (ട്യൂബ് വെൽ/ ബോർവെൽ) ഉള്ള കുടുംബം.

4) ഒഴിവാക്കൽ മാനദണ്ഡങ്ങൾക്ക് വിധേയമായി താഴെപ്പറയുന്ന വിഭാഗം കുടുംബങ്ങളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതാണ്.

(i) വീടില്ലാത്ത കുടുംബങ്ങൾ
(ii) അഗതികൾ/ഭിക്ഷാടനം നടത്തി ജീവിയ്ക്കുന്നവർ
(iii) തോട്ടിപ്പണിയെടുക്കുന്നവർ

(iv) പട്ടിക വർഗ്ഗ വിഭാഗക്കാർ
(V) നിയമാനുസൃതം വിടുതൽ ചെയ്ത അടിമപ്പണിക്കാർ.

5) ബാക്കിയുള്ള കുടുംബങ്ങളെ (ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കുന്ന കുടുംബങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തുന്ന കുടുംബങ്ങൾ എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായി) ഈ കുടുംബങ്ങളുടെ ശേഷിക്കുറവിനെ ആധാരമാക്കിയുളള മാർക്കിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുളളത്. ഇതിനായി നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ കൊടുത്തിരിയ്ക്കുന്നു.

(i) ഒരു മുറിമാത്രമുളളതും മോശപ്പെട്ട ചുമരും മേൽകൂരയും ഉള്ളകുടുംബം
(ii) 16 മുതൽ 59 വയസ്സുവരെ പ്രായമുള്ള അംഗങ്ങൾ ഇല്ലാത്ത കുടുംബം
(iii) 16 മുതൽ 59 വയസ്സുവരെ പ്രായമുള്ള പുരുഷ അംഗങ്ങൾ ഇല്ലാത്തതും സ്ത്രീ ഗൃഹനാഥയായതുമായ കുടുംബം.
(iv) വികലാംഗൻ അംഗമായതും എന്നാൽ കായികശേഷിയുള്ള അംഗങ്ങൾ ഇല്ലാത്തതുമായ കുടുംബം.
(V) പട്ടികജാതി/പട്ടിക വർഗ്ഗക്കാർ ഉള്ള കുടുംബം.
(vi) 25 വയസ്സിനുമുകളിൽ പ്രായമുള്ള നിരക്ഷരർ ഉള്ള കുടുംബം
(i) കൂലിപ്പണിയായി കായികജോലിചെയ്യുന്നതിലൂടെ മുഖ്യവരുമാനം ഉള്ളതും ഭൂരഹിതരുമായ കുടുംബം.

6) ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കുടുംബങ്ങളുടെ എണ്ണം പ്ളാനിംഗ് കമ്മീ ഷൻ തിട്ടപ്പെടുത്തിയ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളുടെ പരിധിയ്ക്ക് വിധേയമായിരിയ്ക്കും.

******** ***** ****** *******

സെക്ഷൻ ഓഫീസർ